പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2150 | 06.10.2016 ൽ മറുപടിക്ക്

## റെയിൽവേ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അടൂർ പ്രകാശ്<br>,, റോജി എം. ജോൺ<br>,, എം. വിൻസെന്റ്<br>,, ഐ.സി.ബാലകൃഷ്ണൻ: | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ റെയിൽവേ അടിസ്ഥാന സൗകര്യ വികസനത്തിന് സംസ്ഥാന സർക്കാരും റെയിൽവേ ബോർഡും തമ്മിൽ ഒപ്പുവച്ച കരാറിന്റെ വിശദാംശം വ്യക്തമാക്കുമോ; ഏതൊക്കെ പദ്ധതികളാണ് ഈ കരാറിൻ പ്രകാരം നടപ്പാക്കുന്നത്; | (എ) **സംസ്ഥാന സർക്കാരും ഇന്ത്യൻ റയിൽവേയും, ചേർന്ന് 51:49 എന്ന അനുപാതത്തിൽ, ഓഹരിപങ്കാളിത്തത്തോടെ രൂപീകരിക്കുന്ന സംയുക്ത സംരംഭത്തിന്റെ മെമ്മോറാണ്ടം ഓഫ് അണ്ടർ സ്റ്റാന്റിംഗ് 23.12.2015 ലെ സ.ഉ(എം.എസ്) 80/2015/ഗതാ, 13.01.2016 ലെ സ.ഉ(എം.എസ്) 2/2016/ഗതാ എന്നിവയുടെ അടിസ്ഥാനത്തിൽ** 27.01.2016 ൽ ഒപ്പ വച്ചു. സ.ഉ. (എം.എസ്.) നമ്പർ 52/2016/ഗതാ. തീയതി 05/08/2016, സ.ഉ. (എം.എസ്.) നമ്പർ 57/2016/ഗതാ. തീയതി 01/09/2016 എന്നീ ഉത്തരവുകൾ പ്രകാരം റെയിൽവേ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സംയുക്ത സംരംഭ കരാർ സംസ്ഥാന സർക്കാരും കേന്ദ്ര റെയിൽ മന്ത്രാലയവുമായി 2016 സെപ്റ്റംബർ ഒന്നിന് ഡെൽഹിയിൽ വച്ച് ഒപ്പുവച്ചു.<br>• സംയുക്ത സംരംഭക കമ്പനിയുടെ (JVC) ആരംഭ മൂലധനം 100 കോടി രൂപയാണ്. എന്നിരുന്നാലും ഏറ്റെടുക്കുന്ന പദ്ധതികളുടെ അടിസ്ഥാനത്തിൽ ഓഹരിയും ഓഹരി മൂലധനവും റെയിൽ മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും അനുവാദത്തോടെ ഉയർത്താവുന്നതാണ്.<br>• സംയുക്ത സംരംഭക കമ്പനിക്ക് പ്രോജക്ടുകൾ കണ്ടെത്തുന്നതിന്റെ അടിസ്ഥാനത്തിൽ സർവ്വെകൾ, വിശദ പഠന റിപ്പോർട്ട് തയ്യാറാക്കൽ, പദ്ധതിക്ക് ആവശ്യമായ അംഗീകാരങ്ങൾ, എന്നിവ കരസ്ഥമാക്കുന്നതിനോടൊപ്പം അംഗീകൃത പ്രോജക്ടുകൾ നടപ്പിലാക്കുകയും ചെയ്യാവുന്നതാണ്. അംഗീകരിക്കപ്പെട്ട പ്രോജക്ടുകൾക്ക് ഭൂമി ഏറ്റെടുക്കൽ സംസ്ഥാന സർക്കാരും പ്രോജക്ട് നടപ്പിലാക്കൽ സോണൽ റെയിൽവേയോ ഏതെങ്കിലും റെയിൽവേ പൊതു മേഖലാസ്ഥാപനമോ അതുമല്ലായെങ്കിൽ സംയുക്ത സംരംഭക കമ്പനി (JVC) / പദ്ധതി |

അധിഷ്ഠിത പ്രത്യേക ദൗത്യ വിഭാഗം (SPV) റെയിൽ മന്ത്രാലയവുമായുള്ള ചർച്ചയിലൂടെയോ നടപ്പിലാക്കുന്നതാണ്.

- സംയുക്ത സംരംഭക കമ്പനിക്ക് (JVC) ഇതര ഓഹരി ഉടമകളായ ബാങ്കുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, തുറമുഖങ്ങൾ മുതലായവയുടെ സഹകരണത്തോടെ പ്രത്യേക ദൗത്യ വിഭാഗം പദ്ധതി നടപ്പിലാക്കുവാനായി രൂപീകരിക്കാവുന്നതാണ്.
- പദ്ധതി അധിഷ്ഠിത പ്രത്യേക ദൗത്യ വിഭാഗം (SPV) റെയിൽവേ മന്ത്രാലയുമായി മുപ്പത് വർഷത്തേക്ക് കൺസിഷൻ എഗ്രിമെന്റ് ഒപ്പിടണം. പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്ന ഭൂമിയുടെ അവകാശം പ്രത്യേക ദൗത്യ വിഭാഗ (SPV) ത്തിനാണ്. വിജയപ്രദമായ പദ്ധതികളുടെ ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള ചിലവും പ്രത്യേക ദൗത്യ വിഭാഗത്തിൽ നിന്നും ലഭ്യമാക്കേണ്ടതുണ്ട്. പദ്ധതിയുടെ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് ഇന്ത്യൻ റെയിൽവേയുടെ ഉത്തരവാദിത്വവും അത് പ്രത്യേക ദൗത്യ വിഭാഗത്തിൽ നിന്നും ഈടാക്കുന്നതുമാണ്.
- കൺസഷൻ എഗ്രിമെന്റ് തീരുന്ന മുപ്പതു വർഷത്തിനു ശേഷമോ പരസ്പരം യോജിച്ചുകൊണ്ട് കൺസഷൻ അവസാനിപ്പിക്കുന്ന സമയത്തോ ആസ്തികൾ റെയിൽവേയ്ക്ക് ഏറ്റെടുക്കാനുള്ള അവകാശമുണ്ട്. റെയിൽവേ, ആസ്തികൾ ഏറ്റെടുക്കാൻ തീരുമാനിക്കുമ്പോൾ ഭൂമിയുടെ വില ഭൂമി ഏറ്റെടുത്ത കാലത്ത് നിലവിലുള്ളതേ പരിഗണിക്കൂ. എന്നാൽ ഇത് പദ്ധതിയുടെ (പ്രത്യേക ദൗത്യ വിഭാഗത്തിന്റെ ) ബാധ്യതകൾ ഏറ്റെടുക്കുന്നതിന് ബാധകമായിരിക്കില്ല.

പ്രസ്തുത കരാർ പ്രകാരം കേരള സർക്കാർ സംയുക്ത സംരംഭ കമ്പനി വഴി ഏറ്റെടുത്തു നടത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ പട്ടിക താഴെ പറയും പ്രകാരമാണ് ;

1. തിരുവനന്തപുരം - ചെങ്ങന്നൂർ സബർബൻ റയിൽ പദ്ധതി
2. അങ്കമാലി - ശബരി റയിൽവേ ലൈൻ
3. നിലമ്പൂർ - നഞ്ചങ്കോട് റെയിൽവേ ലൈൻ
4. ഗുരുവായൂർ - തിരുനാവായ ലൈൻ
5. കൊച്ചി - മധുര ലൈൻ
6. CIAL – ലേക്കുള്ള റെയിൽ കണ്ടെയ്നർ ട്രാക്ക്
7. പാലക്കാട് കോച്ച് ഫാക്ടറി
8. തലശ്ശേരി - മൈസൂർ ലൈൻ

| | | | |
|---|---|---|---|
| (ബി) | റെയിൽ പദ്ധതികളുടെ തെരഞ്ഞെടുപ്പിൽ സംസ്ഥാനത്തിന് ഈ കരാറിന്റെ അടിസ്ഥാനത്തിൽ മേൽക്കൈ കൈവരുമോ; | (ബി) | സംയുക്ത സംരംഭക കമ്പനി വഴി ഏറ്റെടുക്കുന്ന പദ്ധതികൾക്ക് ഈ കരാർ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് മേൽക്കൈ കൈവരും. |
| (സി) | മുൻസർക്കാരിന്റെ കാലത്ത് റെയിൽവേ ബോർഡുമായി ഒപ്പുവച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ, ഏതൊക്കെ പണികളുടെ നിർമ്മാണ പ്രവൃത്തികൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്? | (സി) | **സംസ്ഥാന സർക്കാരും ഇന്ത്യൻ റെയിൽവേയും, ചേർന്ന് 51:49 എന്ന അനുപാതത്തിൽ, ഓഹരിപങ്കാളിത്തത്തോടെ രൂപീകരിക്കുന്ന സംയുക്ത സംരംഭത്തിന്റെ മെമ്മോറാണ്ടം ഓഫ് അണ്ടർ സ്റ്റാന്റിംഗ് 23.12.2015 ലെ സ.ഉ(എം.എസ്) 80/2015/ഗതാ, 13.01.2016 ലെ സ.ഉ(എം.എസ്) 2/2016/ഗതാ എന്നിവയുടെ അടിസ്ഥാനത്തിൽ** 27.01.2016 ൽ ഒപ്പു വച്ചു. സ.ഉ. (എം.എസ്.) നമ്പർ 52/2016/ഗതാ. തീയതി 05/08/2016, സ.ഉ. (എം.എസ്.) നമ്പർ 57/2016/ഗതാ. തീയതി 01/09/2016 **എന്നീ ഉത്തരവുകൾ പ്രകാരം റെയിൽവേ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സംയുക്ത സംരംഭ കരാർ സംസ്ഥാന സർക്കാരും കേന്ദ്ര റെയിൽ മന്ത്രാലയവുമായി 2016 സെപ്റ്റംബർ ഒന്നിന് ഡെൽഹിയിൽ വച്ച് ഒപ്പുവച്ചു. 28.09.2016 ലെ ജി.ഒ(എം.എസ്)60/2016/ഗതാ ഉത്തരവ് പ്രകാരം കമ്പനിക്ക് സെക്രട്ടറിയെ നിയമിച്ചിട്ടുണ്ട്. കമ്പനി പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ